## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1109. 25.01.2018 ൽ മറുപടിയ്ക്ക്

## ലഹരി മാഫിയകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.മുഹമ്മദ് മുഹസിൻ.പി | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | പട്ടാമ്പിയിൽ ലഹരി മരുന്നു മാഫിയകൾ ഭീതിദമായ രീതിയിൽ വളർന്നു വരുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഈ മാഫിയകളെ നിയന്ത്രിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരി ച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ; | (ബി) | പട്ടാമ്പിയിൽ ലഹരി മരുന്നു വിൽപ്പന നിയന്ത്രിക്കുന്നതിനായി പട്ടാമ്പി ടൗൺ ഭാഗങ്ങളിലും, റെയിൽവേ സ്റ്റേഷനിലും, പരിസരങ്ങളിലും നിരവധി റെയ്ഡുകൾ നടത്തി 2017 വർഷം 13 എൻ.ഡി.പി.എസ് കേസുകൾ കണ്ടുപിടിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. തുടർന്നും ശക്തമായ പരിശോധന നടത്തിവരുന്നു. |
| (സി) | ഇതര സംസ്ഥാന തൊഴിലാളികളുടെ ബാഹുല്യം മേഖലയിൽ ലഹരി മരുന്നു കളുടെ കൂടുതൽ ഉപയോഗത്തിന് കാരണമാവുന്നുണ്ടെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | ഇതര സംസ്ഥാന തൊഴിലാളികളുടെ മേഖലയിൽ ലഹരി മരുന്നുകളുടെ ഉപയോഗം സംബന്ധിച്ച പരാതികളുടെ അടിസ്ഥാനത്തിൽ നിരവധി റെയ്ഡുകൾ നടത്തി, 350 കി.ഗ്രാം നിരോധിത പാൻമസാല കണ്ടെടുത്ത് കേസ്സാക്കിയി ട്ടുള്ളതാണ്. തുടർന്നും റെയ്ഡുകൾ ശക്തമായി നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ